# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കോട്ടയ്ക്കൽ നഗരസഭ- – വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് തനത് ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധാ) നം.957/2016/തസ്വഭവ തിരുവനന്തപുരം, തീയതി :01/03/2016

---

പരാമർശം : 1. 14.12.2015- ലെ കോട്ടയ്ക്കൽ നഗരസഭ ചെയർമാന്റെ കത്ത്.

2. 16/12/15-ലെ കോർഡിനേഷൻ കമ്മിറ്റി നം. 3.10 തീരുമാനം.

## ഉത്തരവ്

പരാമർശം 1മുഖാന്തിരം ചങ്കുവെട്ടിയിലുള്ള അൽമാസ് ആശുപത്രിയുമായി ചേർന്ന് വൃക്ക രോഗികൾക്ക് സൗജന്യ ഡയാലിസിസ് നടത്തുതിനുള്ള പദ്ധതിയിൽ 40% അൽമാസ് ആശുപത്രിയും 40% മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ടിൽ നിന്നും ബാക്കി 20% പൊതുജനങ്ങളിൽ നിന്ന് സമാഹരിച്ചും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് കോട്ടയ്ക്കൽ നഗരസഭ ചെയർമാൻ സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം 2-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം ചങ്കുവെട്ടിയിലുള്ള അൽമാസ് ആശുപത്രിയുമായി ചേർന്ന് വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള പദ്ധതിയിൽ 40% അൽമാസ് ആശുപത്രിയും 40% മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ടിൽ നിന്നും ബാക്കി 20% പൊതുജനങ്ങളിൽ നിന്ന് സമാഹരിച്ചും ചെലവഴിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
ഗവൺമെന്റ് സെക്രട്ടറി

ചെയർമാൻ , കോട്ടയ്ക്കൽ നഗരസഭ
പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്/എ & ഇ/എൽ.ബി.എ& എ, കേരള), തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ , മലപ്പുറം
സെക്രട്ടറി, കോട്ടയ്ക്കൽ നഗരസഭ
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ